**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കർമ്മസേനയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത തൊഴിലാളി മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 367 കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സ് മുതൽ 55 വയസ്സിനകം പ്രായമുള്ള കാർഷിക മേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25-30 വരെ അംഗങ്ങൾ/ തൊഴിലാളികൾ അടങ്ങുന്നതാണ് കൃഷി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന കാർഷിക കർമ്മസേന/ തൊഴിൽസേന. കാർഷിക കർമ്മ സേന, അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കീഴിലുള്ള മുഴുവൻ കാർഷിക യന്ത്രങ്ങളും പ്രവർത്തന സജ്ജമാക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. യന്ത്ര സാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്തുന്നു. തൊഴിലാളികൾക്ക് കൃത്യമായ വരുമാനവും അതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട സേവനവും ഇതിലൂടെ ലഭ്യമാകുന്നു. പുതുതായി ഒരു കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന് ആദ്യവർഷം രജിസ്ട്രേഷൻ, ട്രെയിനിംഗ്, യൂണിഫോം അലവൻസ്, ഓഫീസ് രൂപീകരണം തുടങ്ങിയവയ്ക്കായി ഒരു ലക്ഷം രൂപയും തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തനത്തിന് വേണ്ടിയുള്ള മെഷിനറികൾ വാങ്ങുന്നതിന് 9 ലക്ഷം രൂപയും കൃഷി വകുപ്പ് നൽകിവരുന്നു. തുടർ വർഷങ്ങളിൽ ആവശ്യാനുസരണം മെഷിനറികൾ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിനും സുഗമമായി പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി കർമ്മസേനകളിൽ നിന്നുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ അവർക്ക് സഹായം അനുവദിച്ചുവരുന്നു. |
| (ബി) | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനകം എത്ര കർഷകർ ഇതിൽ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. |
| (സി) | കാർഷിക കർമ്മസേനയുടെ പ്രവർത്തനം ഏതൊക്കെ മേഖലയിലാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും അത് വിജയപ്രദമാണോയെന്നുമുള്ള വിശദാംശം നൽകുമോ? | (സി) | നടീൽ വസ്തുക്കളുടെ ഉത്പാദനം, വിത്തുല്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം വിപണനം, നൂതന കൃഷിമുറകൾ നടപ്പാക്കൽ (കണിക ജലസേചനം/മഴമറ/ പോളിഹൌസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ കാർഷിക കർമ്മ സേനയുടെ പ്രവർത്തനം ലഭ്യമാണ്. മിക്കവാറും എല്ലാ കാർഷിക കർമ്മ സേനകളും വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ